കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരുങ്ങോട്ടുകുറുശ്ശി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പികെഡി15/212/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി - 31-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരിങ്ങോട്ടുകുറുശ്ശി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ 2-1,3-1 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി15/212/2017 തിയ്യതി: 31.01.2017

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015- 16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 2-6-2016 മുതൽ 9-12-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-12-2016 മുതൽ 21-12-2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ. അരവിന്ദാക്ഷൻ.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ചാമിക്കുട്ടി.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.എ.നസീറാബാനു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. രാധാ മുരളി | 1-4-2015 മുതൽ<br>വരെ |

| | | |
|---|---|---|
| | ശ്രീ. എ.വി.ഗോപിനാഥൻ | മുതൽ 31-3-2016 വരെ |
| സെക്രട്ടറി | ശ്രീമതി.കെ.സ്മിത(ഇൻചാർജ്) | 1-4-2015മുതൽ 2-7-15 വരെ |
| | ശ്രീ. സി.ടി.മോഹൻ | 3-7-15 മുതൽ 21-7-15 വരെ |
| | ശ്രീ. രാമൻകുട്ടി | 22-7-15 മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ബിന്ദു.കെ | 1-4-15മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ശ്രീനിവാസൻ.വി | 1-4-15 മുതൽ 3-1-2016 വരെ |
| | ഡോ. അഞ്ജു അന്ന ജെയിംസ് | 4-1-16 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ | അജീഷ്കുമാർ ടി.എൽ | 1-4-15 മുതൽ 3-3-2016 വരെ |
| | ടി.കെ. വെങ്കിടാചലം | 4-3-16മുതൽ 31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കലാവതി.കെ | 1-4-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | വി.ആർ. സുമേഷ് | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.മുഹമ്മദ് ഫൈസൽ | 1-4-15 മുതൽ 24-6-15 വരെ |
| | ഡോ. ലീലാമോഹൻ | 25-6-15 മുതൽ 6-7-15 വരെ |
| | ഡോ. പ്രവീൺ | 7-7-15 മുതൽ 31-3-16 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദ ഡിസ്പെൻസറി | ഡോ. അനുമോദ്.എ കാക്കശ്ശേരി | 1-4-15 മുതൽ 6-7-2015 വരെ |
| | ഡോ. റോയ് ജോസഫ് | 7-7-15 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | സിനി എബ്രഹാം | 1-4-2015മുതൽ 15-1-2016 വരെ |
| | സജിന കൊമാറ്റിൽ | 16-1-1016മുതൽ 31-3-2016 വരെ |
| എച്ച്.എം | കൃഷ്ണകുമാരൻ. എം.വി | 1-4-2015 മുതൽ 31-3-2016 വരെ |
| അസി. സെക്രട്ടറി | ശ്രീമതി. കെ. സ്മിത | 1-4-2015 മുതൽ 31-3-2016 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | പൊതുവിവരങ്ങളും അനുബന്ധ പത്രികയും | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തൊഴിൽ നികുതി സംബന്ധിച്ച് | 2(1) |
| 2 | ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നത്-രേഖകൾ പൂർണ്ണമല്ല. | 2(2) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഉണഭോക്തൃ ലിസ്റ്റിൽ ഉൽപ്പെടാത്തവർക്ക് വീട് പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിരിക്കുന്നു. 170000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3(1) |

| | | |
|---|---|---|
| 2 | സർക്കാർ ഉത്തരവിന് വിരുദ്ധമായി സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ചത് സംബന്ധിച്ച്. | 3(2) |
| 3 | മീഡിയാശ്രീ | 3(3) |
| 4 | HIV ബാധിതരുടെ മക്കൾക്ക് സ്കോളർഷിപ്പ് - കുട്ടികൾക്ക തുക പണമായി നൽകിയിരിക്കുന്നു | 3(4) |
| 5 | കുടിവെള്ള പദ്ധതികൾക്ക് വാങ്ങുന്ന മോട്ടോറുകളുടെ കൃഷ് ബില്ല്, വാറന്റികാർഡ് എന്നിവ ഹാജരാക്കുന്നില്ല. | 3(5) |
| 6 | പാലിയേറ്റീവ് പരിചരണം) | 3(6) |
| 7 | ഒറ്റടെണ്ടറിന് അംഗീകാരം നല്കിയത് ചട്ടവിരുദ്ധം. | 3(7) |
| 8 | ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് -അർഹതപ്പെട്ടവർക്ക് പരമാവധി ആനുകൂല്യം നൽകേണ്ടതാണ് | 3(8) |
| 9 | ഐ.എ.വൈ.അധിക വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 3(9) |
| 10 | തെരുവ് നായയുടെ പ്രജനന നിയന്ത്രണ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3(10) |
| 11 | വിധവകൾ/അവിവാഹിതയായ വനിതകൾക്കുള്ള ഭവന നിർമ്മാണം - പണി പൂർത്തീകരിച്ചിട്ടില്ല | 3(11) |
| 12 | ബാലസഭ പ്രവർത്തനങ്ങൾ- വാങ്ങിയ സ്പോർട്ട്സ് സാധനങ്ങൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല | 3(12) |
| 13 | പാലിയേറ്റിവ് പരിചരണം- വണ്ടി വാടക ക്രമ പ്രകാരമല്ല | 3(13) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 21-2-2015 തിയതിയിലെ തീരുമാനം 2 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 122504305 രൂപയും, ചെലവ് 108958630 രൂപയുമാണ്.

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ

ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31-7-2016 | 6-8-2016 | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2015-16 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

# 1-4 സാമ്പത്തിക വിശകലനം

| 2015-16 | |
|---|---|
| മുന്നിരിപ്പ് | 16808753 |
| വരവ് | 51186299 |
| ആകെ | 67995052 |
| ചെലവ് | 62250418 |
| നീക്കിയിരിപ്പ് | 5744634 |

# 1-5 ഫണ്ട് വിനിയോഗം

2015-16

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | മറ്റ ഫണ്ടുകളിൽ നിന്നും നിക്ഷേപിച്ചത് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1414928 | 7958164 | 5852437 | 15225529 | 9041817 | 6183712 |
| വികസനഫണ്ട് എസ്.സി.പി | 2586249 | 15479561 | -533561 | 17532249 | 13617804 | 3914445* |
| വികസനഫണ്ട് ടി.എസ്.പി | 0 | 38000 | | 38000 | 38000 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 667548 | 8957000 | | 9624548 | 9392193 | 232355** |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 600474 | 2494000 | | 3094474 | 3089647 | 4827** |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1781157 | 6322368 | -3046563 | 5056269 | 5044228 | 12041* |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 2572313 | 2272313 | -2272313 | 2572313 | 2545236 | 27077* |
| എം.എൻ.ആർ. ഇ. ജി.എസ്. | 9435 | 18937994 | | 18947429 | 18934568 | 12861 |
| ബി ഫണ്ട് | 0 | 31194720 | | 31194720 | 31194720 | 0 |

* വി.പി.എഫ്.എ. II വിലേക്ക് മാറ്റിയത്

** സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

474/2015/DPC/DPO/PKD തിയതി 21-5-2015

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|---|
| 2015-16 | 196 | 58352409 | 169 | 46459963 | - | 27 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 86% പ്രൊജക്ടുകൾ നടപ്പിലാക്കിയെങ്കിലും ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 79% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

# 1-7 തനത് വരുമാനം

2015-16

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2394067 | 1950581 | 443486 | (-) 22.74 |
| നികുതിയേതര വരവുകൾ | 398833 | 438759 | 39926 | (+) 9.1 |
| മറ്റുള്ളവ | 664219 | 412009 | 252210 | (-) 61.21 |
| ആകെ | 3457119 | 2801349 | 292136 | (-) 10.43 |

# 1-8 ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 11 | 8 | 3 | - |
| 2 | തൊഴിൽ രഹിത വേതനം | 12 | 8 | 4 | - |

| | | | | | |
|---|---|---|---|---|---|
| 3 | വിധവാ പെൻഷൻ | 108 | 103 | 5 | - |
| 4 | വികലാംഗ പെൻഷൻ | 13 | 9 | 4 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9 | 9 | 0 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 367 | 319 | 48 | - |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-12- 2016 3.30 pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4658 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7-12-2016 മുതൽ 8-12-2016 വരെ | 1-11-2016 മുതൽ 30-11-2016 വരെ | PA2-8912/2016 തിയതി 5-9-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-2-2011 -16-2-2011 | 2005-06 മുതൽ 2009-10 വരെ | LBA(H2)/ VI/8A/705/276 തിയതി 16-3-2011 |

## 1-11 പൊതു വിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | 31.45ച.കി.മീ |
| വാർഡുകൾ | 16 |
| ജനസംഖ്യ | 24395 |
| സ്ത്രീ | 12761 |
| പുരുഷൻ | 11634 |
| പട്ടികജാതി | 8732 |
| പട്ടികവർഗ്ഗം | ഇല്ല |
| ബ്ലോക്ക് | കുഴൽമന്ദം |
| താലൂക്ക് | ആലത്തൂർ |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന പ്രകാരം കുറവ് വന്നിട്ടുണ്ട്.

| ക്രമനം. | ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, സ്ഥാപനം | അർദ്ധ വർഷം | അർദ്ധവാർഷിക വരുമാനം | തൊഴിൽ നികുതി | അടവാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | രമ സി.ആർ<br>HSA, GHS, ബൊമ്മന്നൂർ | I half | 174036 | 1250 | 750 | 500 |

പല്ലഞ്ചാത്തനൂർ ദേവസത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തേയും, സൂര്യാ ബാങ്കേഴ്സിലെ ജീവനക്കാരുടെ ഒണ്ടം, രണ്ടും അർദ്ധവര്ഷത്തേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങലുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | ഈടാക്കേണ്ട സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | മാവേലി സ്റ്റോർ | I & II half | 2500 |
| 2 | PNY സഭ ഫൈനാൻസ് ലിമി. | I & II half | 2500 |
| 3 | സൂര്യ ബാങ്കേഴ്സ്, പെരിങ്ങോട്ടുകുറുശ്ശി | I & II half | 2500 |
| | | ആകെ | 7500 |

5/16-12-2016 നമ്പർ ഓഡിറ്റ് അന്വേഷണത്തിന ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിലേക്ക് തൊഴിൽ നികുതി / സ്ഥാപന നികുതി ഈടാക്കുവാനായി കത്ത് നൽകിയതായും, ആയത് അടവാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിന് അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.
ഈ ഇനത്തിൽ ഈടാക്കുവാനുള്ള 8000 രൂപ ഉത്തരവാദിയിൽ നിന്നും എത്രയും വേഗം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നത്-രേഖകൾ പൂർണ്ണമല്ല.

ലൈസൻസ് അനുവദിക്കുന്ന അപേക്ഷകളിൽ വളരെയധികം അപാകതകൾ കാണുന്നു.
അപേക്ഷകൾ പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട സാനിട്ടറി സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, മാലിന്യസംസ്കരണം സംബന്ധിച്ച സത്യവാങ്മൂലം, ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനാ റിപ്പോർട്ട്, സ്ഥല പരിശോധന സംബന്ധിച്ച റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവ ഭൂരിഭാഗം അപേക്ഷകളിലും ഇല്ല. ഭാവിയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് വീട് പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിരിക്കുന്നു. 170000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രൊ. നം-131/16-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -1000000

ചെലവ് -360000 (വികസന ഫണ്ട് എസ്.സി.പി)

ബിൽ നം- 8/ 15-16 തിയതി 18-2-16

പട്ടിക ജാതിയിൽപെട്ട 36 ഗുണഭോക്താക്കൾക്ക് വികസന ഫണ്ടിൽ നിന്നും (എസ്.സി.പി) വീട് പുനരുദ്ധാരണത്തിന് 10000 രൂപ വീതം ധനസഹായം നൽകിയതിൽ താഴെ പറയുന്ന വ്യക്തികൾ, ഗ്രാമ സഭയിലൂടെ തിരഞ്ഞെടുത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. (17-3-2015 ലെ ഭരണസമിതിയുടെ തീരുമാനം 8(9))

1. പാറുക്കുട്ടി വേലായുധൻ, പടിഞ്ഞാറെ പറമ്പ് വീട് പരുത്തിപ്പുള്ളി

2. കുഞ്ചുക്കുട്ടൻ കോട്ടപ്പള്ള പരുത്തിപ്പുള്ളി

3. ചന്ദ്രൻ കെ.സി കോട്ടപ്പറമ്പ് പരുത്തിപ്പുള്ളി

4. ചിന്നപ്പൻ നാരായണൻ മേൽമുറി പരുത്തിപ്പുള്ളി

5. ശിവദാസൻ ചാമി കിഴക്കേക്കര വീട് ചൂലനൂർ

6. ചിന്ന നാരായണൻ മാരിയിൽക്കാട് പരുത്തിപ്പുള്ളി

7. അമ്മിണി ദേവൻ നീളിപ്പറമ്പ് വീട് ഒട്ടുവൻകാട്

8. സുന്ദരൻ ചാമി കിഴക്കേക്കര ചൂലനൂർ

9. കുഞ്ച ചാമി കിഴക്കേക്കര ചൂലനൂർ

10.വള്ളി വേലായുധൻ പെരുമലക്കളം പരുത്തിപ്പുള്ളി

11. ചിന്ന ആണ്ടി വെങ്കലത്തുപ്പടി ചൂലനൂർ

12. വെള്ളച്ചി പകാൻ തെക്കേമഠം പെരിങ്ങോട്ടുകുറുശ്ശി

13. തങ്ക ചെല്ലൻ കൊഴിഞ്ഞപറമ്പ് പരുത്തിപ്പുള്ളി

14. കോച്ച രക്കൻ ഏരിക്കളം ചൂലനൂർ

15. ശശികുമാർ വേലൻ കോട്ടുക്കുളങ്ങര പരുത്തിപ്പുള്ളി

16. വേലൻ എന്ന മണി കുഞ്ചൻ ആണ്ടിച്ചേരിപ്പറമ്പ്

17. ശിവദാസ് മുട്ടപ്പുളി ഊരം കോട്ടുക്കളം പരുത്തിപ്പുള്ളി

ഗുണഭോക്തൃ ലിസ്റ്റിലുള്ള മറ്റു ഗുണഭോക്താക്കളെ പരിഗണിക്കാതെ ലിസ്റ്റിലുൾപ്പെടാത്ത മേൽ പരഞ്ഞ 17 പേരെ പദ്ധതിയിൽ ഉൾപ്പെടുത്തി ധന സഹായം ലഭ്യമാക്കിയിട്ടുള്ളതിനുള്ള കാരണം ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ 10 / 21-12-2016)

ആയതിനാൽ 17 പേർക്ക് നൽകിയ ധനസഹായ തുകയായ 170000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 സർക്കാർ ഉത്തരവിന് വിരുദ്ധമായി സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ചത് സംബന്ധിച്ച്

9.12.2004 ലെ സർക്കാർ ഉത്തരവ് നംപർ 330/2004/ത.സ്വ.ഭ.വ (4-6,4-8) എന്നിവയും, 28.11.2012 ലെ ഗവ. സർക്കുലാർ നം. 68228/എഫ്.എം.1/2012, 30.1.2008 ലെ സർക്കുലാർ നമ്പർ 75326 തുടങ്ങിയവ പ്രകാരം സംരക്ഷണ ഗ്രാന്റ് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾക്കായി മാത്രം ഉപയോഗിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിന്റെ തനത് ആസ്തികളുടെ നിർമ്മാണത്തിനും കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണത്തിനായും ചെലവഴിച്ചതായി കാണുന്നുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | വൗ.നം, തിയതി. | തുക | പ്രവർത്തിയുടെ വിവരം |
|---|---|---|---|
| 1 | 16/ 21.10.2015 | 200000 | പൂവ്വത്തിൻപറമ്പ്-ആശാരിത്തറ റോഡ് കോൺക്രീറ്റിംഗ്. |
| 2 | 48/ 15.02.2016 | 200000 | ആനകല്ലിങ്കൽ റോഡ് കോൺക്രീറ്റിംഗ്. |
| 3 | 105/ 30.03.15 | 0 | പഞ്ചായത്ത് ഓഫീസ് ടോയ് ലറ്റ് നിർമ്മാണം |
| 4 | 34/ 28.01.2016 | 185000 | |
| ആകെ | | 585000 | |

സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 585000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 മീഡിയാശ്രീ

പ്രൊ. നം-185/16-മീഡിയാശ്രീ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് - 65000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നം-4/13-8-15

സ.ഉ(സാധാ)നം. 3206/2014/ത.സ്വ.ഭ.വ തിയതി 5-12-2014 പ്രകാരം മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാന പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി 2014-15 വർഷത്തിൽ തനതുഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ 65000 ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം. 462/2015 തിയതി 16-2-2015 പ്രകാരം സൗത്ത് എഷ്യൻ കോളേജ് എന്ന സ്ഥാപനം മുഖേന ഡോക്യുമെൻററി നിർമ്മിക്കുവാൻ മുൻകൂറായി 30% തുക കുടുംബശ്രീക്ക് നൽകുന്നതിനും ജില്ലാതലത്തിൽ ഡി.ഡി.പി അധ്യക്ഷനായും ഡി.എം.സി അംഗവുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2014-15 വർഷത്തിൽ തുക അനുവദിക്കുവാനാണ് സർക്കാർ അനുമതി നൽകിയെങ്കിലും തുക അനുവദിച്ചിട്ടുള്ളത് 2015-16 വർഷത്തിലാണ്.

(65000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് എക്സി.ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ പേരിൽ ഡി.ഡി എടുത്ത് അയച്ചുകൊടുത്തിട്ടുണ്ട്.

(14-07-2015 ലെ ഡി.ഡി.നം.185296).

പദ്ധതിയുടെ പൂർത്തീകരണ രേഖകളും, ഡോക്യുമെന്റേഷന്റെ സി.ഡിയും നാളിതുവരെ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

ഓഡിറ്റ് അന്വേഷണണം നമ്പർ 7/ 16-12-2016 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ആയതിന്റെ സി.ഡി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സി.ഡി. ലഭ്യമാക്കുന്നത് വരെ 65000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-4 HIV ബാധിതരുടെ മക്കൾക്ക് സ്കോളർഷിപ്പ് - കുട്ടികൾക്ക തുക പണമായി നൽകിയിരിക്കുന്നു

പ്രോജക്ട്.നം.-119/2016

അടങ്കൽ- 22000/-
ചെലവ് -22000 രൂപ
ബിൽ.നം.- 13/15-16 തിയതി 29.03.2016.

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടത്തിയ HIV ബാധിതരുടെ മക്കൾക്ക് സ്കോളർഷിപ്പ് നല്കുന്ന പദ്ധതി പ്രകാരം 6 കുട്ടികൾക്ക്, സ്കോളർഷിപ്പ് കൊടുത്തിട്ടുണ്ട്.

ആയത് കുട്ടികളുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയോ / ഡിമാന്റ് ഡ്രാഫ്റ്റായോ അല്ല നൽകിയിരിക്കുന്നത്.

പകരം കുട്ടികൾ തുക കൈപ്പറ്റിയതായി രേഖപ്പെടുത്തി പണമായി നേരിട്ട് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. ഭാവിയിൽ സ്കോളർഷിപ്പ് പണമായി നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-5 കുടിവെള്ള പദ്ധതികൾക്ക് വാങ്ങുന്ന മോട്ടോറുകളുടെ കൃഷ് ബില്ല്, വാററ്റികാർഡ് എന്നിവ ഹാജരാക്കുന്നില്ല

പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾക്കായി വാങ്ങുന്ന മോട്ടോറുകളുടെ കൃഷ് ബില്ല്,വാറന്റികാർഡ് എന്നിവ ഹാജരാക്കാത്തതിനാൽ ആയവ എസ്റ്റിമേറ്റിൽ പറഞ്ഞ പ്രകാമുള്ള (ISI മുദ്ര പോലുള്ളകാര്യങ്ങൾ) പ്രത്യേകതയുള്ളവയാണെന്ന് പരിശോധിക്കാൻ കഴിയുന്നില്ല. തൻവർഷം വാങ്ങിയ മോട്ടോറുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്ര.നം. | വൗ.നം/ തിയതി | മോട്ടോറിന്റെ വിവരം(HP) | പദ്ധതിയുടെ വിവരം |
|---|---|---|---|
| 1 | 14/21.10.2015 | 7.5 | ഒടുവൻകാട് കുടിവെള്ള പദ്ധതി |
| 2 | 33/01.02.2016 | 7.5 | മേപ്പാടം-ചൂലനൂർ അംഗനവാടി കുടിവെള്ള പദ്ധതി |
| 3 | 26/21.01.2016 | 5 | പടിഞ്ഞാറെക്കര കുടിവെള്ള പദ്ധതി |
| 4 | 24/ 21.01.2016 | 5 | മണ്ണുവെട്ടുമട കോളനി കുടിവെള്ളപദ്ധതി |
| 5 | 108/23.03.2016 | 5 | ചെടിയൻകാട് കുടിവെള്ളപദ്ധതി |
| 6 | 22/11.01.2016 | 7.5 | കല്ലിങ്കൽ കുടിവെള്ള പദ്ധതി |
| 7 | 119/30.03.2016 | 7.5 | പുല്ലാട്ട് പടി കുടിവെള്ള പദ്ധതി |
| 8 | 801/16.01.2016 | 7.5 | ചൂലനൂർ SC കോളനി കുടിവെള്ള പദ്ധതി |
| 9 | 366/13.08.2015 | 7.5 | മണ്ണംപറമ്പ്-ചോലങ്കാട് കുടിവെള്ള പദ്ധതി |

ആയതിനാൽ ഭാവിയിൽ കുടിവെള്ള പദ്ധതികൾക്കായി വാങ്ങുന്ന മോട്ടോറുകളുടെ ക്യാഷ് ബില്ല്,വാറന്റികാർഡ് തുടങ്ങിയവ വൗച്ചറിനോടപ്പം സൂക്ഷിക്കേണ്ടതാണ്.

## 3-6 പാലിയേറ്റീവ് പരിചരണം

1. പ്രൊ. നം-117/16-പി.എച്ച്.സി ( പാലിയേറ്റീവ് പരിചരണം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

ചെലവ് - 50000 വികസന ഫണ്ട് ജനറൽ

ബിൽ നം-14/15-16 തിയതി 30-3-16

പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി രോഗികൾക്ക് മരുന്ന് വാങ്ങുന്നതിന് 50000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് വിവരം ലഭ്യമല്ല.

2. പ്രൊ. നം-141/16- കാരുണ്യയിൽ നിന്നും മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

അടങ്കൽ -50000 വികസന ഫണ്ട് ജനറൽ

ചെലവ് - 50000 വികസന ഫണ്ട് ജനറൽ

ബിൽ നം-7/15-16 തിയതി 22-1-16 തുക -12000 രൂപ

ബിൽ നം-12/15-16 തിയതി 28-3-16 തുക -38000 രൂപ

കാരുണ്യയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് മേൽ പറഞ്ഞ പ്രകാരം 50000 രൂപ രണ്ട് തവണയായി പിൻവലിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് വിവരം ലഭ്യമല്ല. ഓഡിറ്റ് അന്വേഷണം നമ്പർ 11/ 21-12-2016 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിനു മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ ചെലവ് തുകയായ 100000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ഒറ്റടെണ്ടറിന് അംഗീകാരം നല്കിയത് ചട്ടവിരുദ്ധം.

ബിൽ.നം. 100/22.03.2016.------------990100/-രൂപ.

പ്രോജക്റ്റ്.നം. 203/2016.

കരാറുകാരൻ. എസ്.അരവിന്ദാക്ഷൻ.

1997 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടം 11(1) പ്രകാരവും തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എൻജിനീയറുടെ 15.11.2014 ലെ ഡി.ബി.1/1559 /2010/സി.ഇ/LSGD എന്നനംപറിലുള്ള സർക്കുലർ പ്രകാരവും ഒരുടെന്റർമാത്രമാണ് ലഭിച്ചതെങ്കിൽ ( എസ്റ്റിമേറ്റിനേക്കാളും കുറവായാൽപ്പോലും) സ്വീകരിക്കേണ്ടതില്ലെന്നുപറയുന്നു.

എന്നാൽ കുളവൻകാട് കുളം സംരക്ഷണ പദ്ധതിക്കായി ഒരുകരാറുകാരൻ മാത്രമേ പങ്കെടുത്തിട്ടുള്ളു.ടിയാന് ടെൻണ്ടർ ഉറപ്പിച്ചുനല്കുകയും ചെയ്തു. ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തോടെ നടപ്പാക്കിയതാണ് എന്നറിയിച്ചു.ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് -അർഹതപ്പെട്ടവർക്ക് പരമാവധി ആനുകൂല്യം

## നൽകേണ്ടതാണ്

പ്രോജക്ട് നം s0129/16- ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, പെരിങ്ങോട്ടുകുറുശ്ശി

അടങ്കൽ - 50000 – വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാൻറ് ജനറൽ

ബിൽ നം. 4/15-16 തിയതി 22-2-2016 –

പിൻവലിച്ച തുക -37800രൂപ

12ാം പദ്ധതിയുടെ മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം. 362/2013/ത.സ്വ.ഭ.വ തിയതി 16/11/2013 അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ യഥാക്രമം 50: 25:25 എന്ന അനുപാതത്തിൽ വകയിരുത്തേണ്ടതാണ്. എന്നാൽ ടി പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് വിഹിതം മാത്രമെ വകയിരുത്തിയിട്ടുള്ളു. ജില്ല, ബ്ലോക്ക് വിഹിതങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. സ്കോളർഷിപ്പ് അനുവദിക്കുമ്പോൾ ഓരോ ക്ലാസിൽ പടിക്കുന്ന വിദ്യാർഥിക്കും സർക്കാർ നിശ്ചിത നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ അർഹതപ്പെട്ട പലർക്കും ആനുകൂല്യം വളരെ കുറവായിട്ടാണ് നൽകിയിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖയനുസരിച്ച് പ്രതിമാസ സ്കോളർഷിപ്പ് ഒരു വർഷത്തിൽ 12 മാസവും നൽകാവുന്നതാണ് എന്ന് നിർദ്ദേശവും പാലിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ **4/ 16-12-2016)**

## 3-9 ഐ.എ.വൈ.അധിക വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2015-16 വർഷത്തിൽ ഐ.എ.വൈ ഭവന പദ്ധതിക്കായി 1440000 /- രൂപ കുഴൽമന്ദം ബ്ലോക്കാഫീസിലേക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുത്ത പ്രകാരമാണ്.

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ബിൽ നം, തിയതി | ബ്ലോക്ക് തുക കൈപ്പറ്റിയ ഡി.ഡി/ചെക്ക് നം |
|---|---|---|---|---|
| 105/16 ഐ.എ.വൈ അധിക വിഹിതം (ജനറൽ) | വികസന ഫണ്ട് (ജനറ്റ) 460000 | 460000 | 5/15-16 1--16 | ചെക്ക് നമ്പർ 077177തിയതി: 1-2-16 |
| 106/16 | വികസന ഫണ്ട് | 180000 | 5/15-16 | 243539 |

| | | | | |
|---|---|---|---|---|
| ഐ.എ.വൈ അധിക വിഹിതം (എസ്.സി.പി) | (എസ്.സി.പി) 980000 | | 14-1-16 | തിയതി: 16-1-16 |
| | | 800000 | 4/15-16 20-8-15 | 241300 തിയതി: 21-8-16 |

മേൽ പദ്ധതികളിലെ ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-10 തെരുവ് നായയുടെ പ്രജനന നിയന്ത്രണ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നം s0202/16

പ്രോജക്ടിന്റെ പേര് - തെരുവ് നായയുടെ പ്രജനന നിയന്ത്രണ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ, പെരങ്ങോട്ടുകുറുശ്ശി

അടങ്കൽ - 3,50000 – തനത് ഫണ്ട്

ചെക്ക് നം. 1119926 തിയതി 24-2-2016

ചെലവ് തുക -350000രൂപ

മേൽ പദ്ധതിക്കായി 26-2-2016 ലെ ഡി.ഡി നം. 077736 പ്രകാരം സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാടിനു തനത് ഫണ്ടിൽ നിന്നും 3,50,000 രൂപ അയച്ചിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ 3/16-12-16 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ടി പദ്ധതി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതാണെന്നും, പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 3-11 വിധവകൾ/അവിവാഹിതയായ വനിതകൾക്കുള്ള ഭവന നിർമ്മാണം - പണി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ 108/15-16

വിധവകൾ/അവിവാഹിതയായ വനിതകൾക്കുള്ള ഭവന നിർമ്മാണം

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ

അടങ്കൽ - 1640000 വികസന ഫണ്ട് ജനറൽ

ചെലവ് -1640000

യൂണിറ്റ് കോസ്റ്റ് - 200000 രൂപ

മേൽ പദ്ധതിക്കായി 12 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളതിൽ താഴെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | കൈപ്പറ്റിയ ധനസഹായം | ലഭ്യമാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | സിന്ധു w/o ശ്രീനിദാസ്സൻ<br>ആലയ്ക്കൽ | 40000 | 160000 |
| 2 | ജയമണി<br>പരുത്തിപ്പുള്ളി | 40000 | 160000 |
| 3 | സരോജിനി<br>w/o വേലായുധൻ<br>ചൂലനൂർ | 100000 | 100000 |
| 4 | രേണുക w/o കൃഷ്ണൻ<br>ചൂലനൂർ | 100000 | 100000 |
| 5 | പങ്കജാക്ഷി<br>w/o ഗോപിനാഥൻ<br>പരുത്തിപ്പുള്ളി | 140000 | 60000 |
| 6 | കല്യാണി w/o വാസു<br>പരുത്തിപ്പുള്ളി | 40000 | 160000 |

ഓഡിറ്റ് അന്വേഷണം നമ്പർ 8 / 16-12-2016 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 5 ലെ ഗുണഭോക്താവ് വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ക്രമ നമ്പർ 1 ലെ ഗുണഭോക്താവ് നിരവധി തവണ നേരിൽ ചെന്നാവശ്യപ്പെട്ടിട്ടും തറപ്പണി നാളിതുവരെ തുടങ്ങിയിട്ടില്ലെന്നും, ബാക്കിയുള്ളവരുടെ ഭവന നിർമ്മാണപണി പുരോഗമിച്ചു വരികയാണെന്നും അറിയിച്ചിട്ടുണ്ട്.
ക്രമ നമ്പർ 1 ലെ ഗുണഭോക്താവ് തറപ്പണി തുടങ്ങുന്നില്ലെങ്കിൽ ടിയാൾ കൈപ്പറ്റിയ ആദ്യ ഗഡുവായ 40000 രൂപ തിരികെ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവനനിർമ്മാണം പൂരിത്തീകരിക്കുവാൻ അവശേഷിക്കുന്ന മറ്റു ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കുവാൻ വേണ്ട നിർദ്ദേശം നൽകുകയും പൂർത്തുകരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 3-12 ബാലസഭ പ്രവർത്തനങ്ങൾ- വാങ്ങിയ സ്പോർട്ട്സ് സാധനങ്ങൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല.

പ്രൊ. നം-184/16- ബാലസഭ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് - 5000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നം-6/14-1-16

ടി പദ്ധതിക്കായി സ്പോർട്സ് & സ്പോർട്സ്, താരേക്കാട് എന്ന സ്ഥാപനത്തിൽ നിന്നും താഴെ കാണിച്ച സാധനങ്ങൾ 16-1-16 ലെ ചെക്ക് നമ്പർ 243432പ്രകാരം വാങ്ങിയിട്ടുണ്ടെങ്കിലും, ടി സാധനങ്ങൾ നാളിതുവരെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ, പ്രവർത്തന ക്ഷമതയുള്ള ബാലസഭയ്ക്ക് കൈമാറുകയോ ചെയ്തിട്ടില്ല.

| സാധനങ്ങൾ | എണ്ണം |
|---|---|
| ഷട്ടിൽ ബാറ്റ് | 7 സെറ്റ് |
| ഫുട്ട് ബോൾ | 8 എണ്ണം |

നാളിതുവരെ വിതരണം ചെയ്യാത്തതിനുള്ള കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9 / 16-12-2016 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രിസ്തുമസ് അവധിക്കാലത്ത് വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-13 പാലിയേറ്റിവ് പരിചരണം- വണ്ടി വാടക ക്രമ പ്രകാരമല്ല

പ്രൊ. നം-117/16-പി.എച്ച്.സി ( പാലിയേറ്റീവ് പരിചരണം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

ചെലവ് - 335275 രൂപ വികസന ഫണ്ട് ജനറൽ

ടി പദ്ധതിയുടെ ഭാഗമായി ഗൃഹ സന്ദർശനത്തിന് പോകുവാൻ വാടകയ്ക്കെടുത്ത വാഹനം 45 കി.മീ- ൽ കൂടുതൽ ദൂരം സഞ്ചരിക്കുന്നുവെങ്കിൽ ഒരു ദിവസ വാടകയായി 1100 രൂപ നൽകാവുന്നതാണെന്ന് 29-10-2015 ലെ സർക്കാർ ഉത്തരവ്(സാധാ) നം. 3217/2015 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 4/2015 മുതൽ 12/2015 വരെയുള്ള കാലയളവിൽ വാഹനം ഓടുന്ന ദിവസങ്ങളിൽ ട്റിപ്പ് ഷീറ്റിൽ എത്ര കി.മീ. സഞ്ചരിച്ചുവെന്ന് രേഖപ്പെടുത്താതെ, പ്രതിദിനം 1300 രൂപ വീതം നൽകിയിരിക്കുന്നത് സർക്കാർ ഉത്തരവിനു വിരുദ്ധമാണ്. എന്നാൽ ജനവരി മുതൽ 1100 രൂപയാണ് ദിവസ വാടകയായി നൽകിയിട്ടുള്ളത്.

സർക്കാർ നിർദ്ദേശിക്കുന്ന വിതം പാലിയേറ്റിവ് പരിചരണം നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത വിഹിതം | 2015-16 | 733171 | നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി | 733171 | - |
| -ടി- | | 17041 | -ടി- | 17041 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്ക് ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51186299 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62250418 |
| വരവിനങ്ങളിലുള്ള നഷ്ടം | 8000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 920000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8000 | | രാമൻകുട്ടി. എം. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 170000 | സ്മിത.കെ<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 585000 | അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | 65000 | സ്മിത.കെ<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 100000 | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാമൻകുട്ടി. എം<br>സെക്രട്ടറി | സെക്രട്ടറി<br>പെരുങ്ങോട്ടുകുറുശ്ശി<br>ഗ്രാമ പഞ്ചായത്ത് | കുണ്ടുപറമ്പിൽ<br>ഹൌസ്<br>അത്തിപ്പൊറ്റ പി. ഒ.<br>പാലക്കാട്-<br>678544 |
| സ്മിത.കെ<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>പെരുങ്ങോട്ടുകുറുശ്ശി<br>ഗ്രാമ പഞ്ചായത്ത് | സ്മിത.കെ<br>കൗസ്തുഭം,<br>പാറക്കാട്<br>കണ്ണാടി പി.ഒ.<br>പാലക്കാട് –<br>678701 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1996-97 | LF.P8/866/99/11.11.99 | ഫർദർ റിമാർക്ക്സ് |
| 1997-98 | LF.P8/173/01/23.1.99 | ഫർദർ റിമാർക്ക്സ് |
| 1998-99 | LF.P8/944/2000/4.1.01 (Expenditure) | ഫർദർ റിമാർക്ക്സ് |
| 1999-00 | LF.P14/494/03/24.11.05 | ഫർദർ റിമാർക്ക്സ് |
| 2000-01 | LF.P11/377/07/29.3.08 | ഫർദർ റിമാർക്ക്സ് |
| 2001-02 | LF.P11/61/2011(1)/18.3.2011 | ഫർദർ റിമാർക്ക്സ് |
| 2002-03 | LF.P11/61/2011(2)/18.3.2011 | ഫർദർ റിമാർക്ക്സ് |
| 2003-04 | LF.P11/61/2011(3)/18.3.2011 | ഫർദർ റിമാർക്ക്സ് |
| 2004-05 | LF.P11/61/2011(4)/18.3.2011 | ഫർദർ റിമാർക്ക്സ് |
| 2005-06 | LF.P11/61/2011(5)/18.3.2011 | ഫർദർ റിമാർക്ക്സ് |

| | | |
|---|---|---|
| 2006-07 | LF.P11/2064/11/13.1.2011 | ഫർദർ റിമാർക്ക്സ് |
| 2007-08 | LF.P11/502/13/20.8.13 | ഫർദർ റിമാർക്ക്സ് |
| 2008-09 | LF.P11/979/12(2) | ഫർദർ റിമാർക്ക്സ് |
| 2009-10<br>2010-11<br>2011-12 | LF.P11/1770/2013/2.5.2014 | ഫർദർ റിമാർക്ക്സ് |
| 2012-13 | LF.P11-242/2015/13-5-2015 | റിപ്പോർട്ട് |
| 2013-14<br>2014-15 | നം.കെ.എസ്.എ-പി.കെ.ഡി.15-958/16 /28-6-2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

**1**

# സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി15/212/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 31.1.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പെരുങ്ങോട്ടുകുറുശ്ശി ഗ്രാമ പഞ്ചായത്തിന്റെ 31/3/2016 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുങ്ങോട്ടുകുറുശ്ശി ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## പെരുങ്ങോട്ടുകുറുശ്ശി ഗ്രാമ പഞ്ചായത്ത്

### വാർഷിക ധനകാര്യ പത്രിക – 2015-2016

### ന്യൂനതാ സംഗ്രഹം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
2. വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
3. തൊഴിൽ നികുതി റിട്ടേണുകളിലെ ചില വരവുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിലെ വരവും വാർഷിക ധനകാര്യ പത്രികയിലെ വരവും പൊരുത്തപ്പെടുന്നുണ്ടെങ്കിലും, യഥാർത്ഥ വരവ് ഡിമാന്റിൽ വന്നിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD15/212/2017

Kerala State Audit Department

District Audit Office

Palakkad

Date –31.01.2017

## Audit Certificate

Certified that I have audited the Annual Financial Statement of Peringottukurissi Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Peringottukurissi Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset value not updated and linked with Sankhya.
2. Arrear demand register for building tax is not in agreement with AFS.
3. The demand for profession tax is not in agreement with register and AFS.

Deputy Director

Deputy Director